LIBRARY ARCHIVES Kerala Legislative Assembly

തുക അനുവദിക്കപ്പെട്ട കക്ഷികൾക്ക് വില്ലേജ് ഓഫീസ് മുഖാന്തിരവും പോസ്റ്റ് ഓഫീസ് മുഖാന്തിരവും നിരവധി അറിയിപ്പുകൾ നൽകിയിട്ടും തുക കൈപ്പറ്റാൻ ഹാജരാകാത്തതും ഇരട്ടിപ്പായി തുക അനുവദിക്കപ്പെട്ടതുമായ കേസ്സുകൾ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് തിരിച്ചടപ്പിച്ച് പിന്നീട് വരുന്ന ഉത്തരവുകൾക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്.

(ബി) തുക അനുവദിച്ചത് സംബന്ധിച്ച് വില്ലേജ് ഓഫീസ് മുഖാന്തരം കക്ഷികൾക്ക് അറിയിപ്പ് നൽകുന്നുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

91 (3722) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക മുഖ്യമന്ത്രി നേരിട്ടനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) മുഖ്യമന്ത്രി അനുവദിച്ച തുകയിൽ എത്ര തുക ഇതിനകം അപേക്ഷകർക്ക് ലഭ്യമാക്കിയെന്ന് വെളിപ്പെടുത്താമോ ;

(സി) മുഖ്യമന്ത്രി അനുവദിച്ച തുകയിൽ 80% തുകയും ഇനിയും വിതരണം ചെയ്തിട്ടില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ ആകെ 361,65,64,590 രൂപ (മുന്നൂറ്റി അറുപതൊന്ന് കോടി അറുപത്തഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ 332,38,41,800 (മുന്നൂറ്റിമുപ്പത്തിരണ്ടു കോടി മുപ്പത്തിയെട്ടു ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി എണ്ണൂറ് രൂപ മാത്രം) ജില്ലാ കളക്ടർമാർക്കായി അനുവദിച്ചതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.* മുഖ്യമന്ത്രി നേരിട്ട് അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയ തുകയുടെ വിവരം വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അറിയിപ്പു നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള തുകയൊഴികെ ബാക്കിയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം ലഭിക്കുന്നതിനായി ശ്രീമതി ജൂലിയറ്റ് ജോൺസൺ, അമ്പലപ്പുഴ നൽകിയ അപേക്ഷ

92 (3723) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകട മരണത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് ദുരിതാശ്വാസ സഹായനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ശ്രീമതി ജൂലിയറ്റ് ജോൺസൺ, വലിയവീട്ടിൽ, വാർഡ് നമ്പർ 16, പുന്നപ്ര വടക്ക്, അമ്പലപ്പുഴ എന്നവർ നൽകിയ അപേക്ഷയിന്മേൽ ധനസഹായം നൽകി ഉത്തരവായിരുന്നുവോ ;

(ബി) 14-3-2014 ലെ 15432/ഡി.ആർ.എഫ്/സി എം/14 നമ്പരായി റവന്യൂ വകുപ്പിന് കൈമാറിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അപേക്ഷകക്ക് നാളിതുവരെ ധനസഹായം ലഭ്യമാകാത്തതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 11-12-2014-ലെ സ.ഉ.(സാധാ) നമ്പർ 6256/14/റവ. തീയതി പ്രകാരം ആലപ്പുഴ, അമ്പലപ്പുഴ, പുന്നപ്ര വടക്ക്, വാർഡ് നമ്പർ 16 വലിയ വീട്ടിൽ ജൂലിയറ്റ് ജോൺസണ് മകളുടെ അപകടമരണത്തിന് ആശ്വാസ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

93 (3724) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലൂടെ അനുവദിച്ച ആനുകൂല്യങ്ങൾ ഇനിയും പൊതുജനങ്ങൾക്ക് ലഭ്യമായിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly